പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.98 09-06-2014-ൽ മറുപടിക്ക്

നീരയുടെ ഉൽപ്പാദനവും വിതരണവും

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ:<br>" വർക്കല കഹാർ:<br>" പി. എ. മാധവൻ:<br>" തേറമ്പിൽ രാമകൃഷ്ണൻ: | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) നീര ഉല്പാദിപ്പിക്കുന്നതിനും വിതരണത്തിനും എക്സൈസ് വകുപ്പ് അനുമതി നൽകിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങൾക്കാണ് അനുമതി നൽകിയിട്ടുള്ളത്; | (ബി) ബോണഫൈഡ് ജാഗറി ഉല്പാദകർ, കേരള സ്റ്റേറ്റ് ബിവറേജസ് (Manufacturing and Marketing) കോർപ്പറേഷൻ ലിമിറ്റഡ്, കോക്കനട്ട് ഡെവലപ്മെന്റ് ബോർഡിനു കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കോക്കനട്ട് പ്രൊഡ്യൂസേഴ്സ് സൊസൈറ്റി/കമ്മിറ്റി, കോക്കനട്ട് പ്രൊഡ്യൂസേഴ്സ് ഫെഡറേഷൻ, കേരള കാർഷിക സർവ്വകലാശാല, അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, കോക്കനട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നിവർക്ക് നീര ഉൽപ്പാദിപ്പിക്കുന്നതിനും വിപണനം ചെയ്യുന്നതിനും അനുമതി നൽകിയിട്ടുണ്ട്. |
| (സി) നീരയുടെ ഉല്പാദനത്തിനും വിതരണത്തിനും ബന്ധപ്പെട്ട നിയമങ്ങളിൽ മാറ്റംവരുത്താൻ എന്തെല്ലാം നടപടികളാണ് എടുത്തിട്ടുള്ളതെന്ന് വിശദമാക്കുമോ; | (സി) 14-02-2014-ലെ ജി.ഒ.(പി)27/2014/റ്റിഡി. പ്രകാരം The Kerala Sweet Toddy (Neera) Rules, 2014 പ്രാബല്യത്തിൽ വന്നിട്ടുണ്ട്. |
| (ഡി) നീരയുടെ ഉല്പാദനവും വിതരണവും നിരീക്ഷിക്കാനും നിയന്ത്രിക്കാനും ഭരണതലത്തിൽ സംവിധാനം ഒരുക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) തെങ്ങ് കൃഷി കൂടുതൽ ആദായകരമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക, നീരയെ ഒരു ആരോഗ്യ പാനീയം എന്ന നിലയിൽ സംസ്ഥാനത്തും, രാജ്യത്തിന്റെ ഇതര ഭാഗങ്ങളിലും എത്തിച്ച് വിപണനം ചെയ്യുന്നതിനുള്ള സാഹചര്യം ഒരുക്കുക എന്നീ ഉദ്ദേശ്യലക്ഷ്യങ്ങളോടെ കാർഷികോല്പാദന കമ്മീഷണർ ചെയർമാനായും, എക്സൈസ് കമ്മീഷണർ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായും നാളികേര-നീര ബോർഡ് രൂപീകരിക്കുവാൻ തീരുമാനിച്ചു. |

സെക്ഷൻ ഓഫീസർ